സി.പി.എം സമ്മേളനത്തിന് കൊടി ഉയരുമ്പോൾ ഒഴിവാക്കിയതിന്റെ കാരണം തേടി തളിപ്പറമ്പ് മുൻ എ.സി അംഗം

തളിപ്പറമ്പ: 18-ാം വയസിൽ പാർട്ടി അംഗത്വം. 16 വർഷം ലോക്കൽ സെക്രട്ടറി, 21 വർഷം ഏരിയാകമ്മിറ്റിയംഗം ജീവിതത്തിന്റെ വലിയകാലം സി.പി.എമ്മിന് വേണ്ടി ഉഴിഞ്ഞുവച്ച മുൻ തളിപ്പറമ്പ ഏരിയാ കമ്മിറ്റിയംഗം പാർട്ടി സ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം തേടി അലയുന്നു. മുൻ പരിയാരം ലോക്കൽ സെക്രട്ടറിയും പരിയാരം സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയുമായിരുന്ന മുക്കുന്നിലെ പി.കെ.കൃഷ്ണനാണ് സി.പി.എം സംസ്ഥാന കമ്മിറ്റിക്കും പ്രമുഖ നേതാക്കൾക്കും പരാതി നൽകി നീതിക്കായി കാത്തിരിക്കുന്നത്.

പി.കെ.കൃഷ്ണൻ

18-ാമത്തെ വയസിൽ സി.പി.എമ്മിൽ ചേർന്നതാണ് പി.കെ.കൃഷ്ണൻ. ഡി.വൈ.എഫ്.ഐ യൂനിറ്റ് സെക്രട്ടറിയായി പ്രവർത്തനമാരംഭിച്ച കൃഷ്ണൻ തളിപ്പറമ്പ ബ്ലോക്ക് സെക്രട്ടറിയായും സംസ്ഥാന കമ്മിറ്റിയംഗമായും പ്രവർത്തിച്ചതിന് ശേഷമാണ് പരിയാരം ലോക്കൽ സെക്രട്ടറിയായത്. 16 വർഷം ഈ സ്ഥാനത്ത് തുടർന്നു. 21 വർഷം തളിപ്പറമ്പ ഏരിയാകമ്മിറ്റിയംഗവുമായി പ്രവർത്തിച്ചിരുന്നു. കഴിഞ്ഞ ഏരിയ സമ്മേളനത്തിൽ വച്ച് കമ്മിറ്റിയിൽ നിന്ന് ഒഴിവാക്കി പരിയാരം ലോക്കൽ കമ്മിറ്റി ഘടകമായി നിശ്ചയിച്ചിരുന്നു. എന്നാൽ ഫിബ്രവരിയിൽ ലോക്കൽ കമ്മിറ്റിയിൽ നിന്നും ഒഴിവാക്കി. ഇതിനെതിരെ കൃഷ്ണൻ സംസ്ഥാന കമ്മിറ്റിക്ക് പരാതി നൽകി. ജില്ലാ കമ്മിറ്റി ഉചിതമായ തീരുമാനം എടുക്കുമെന്ന അറിയിപ്പ് ലഭിച്ചെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. ഇതേ തുടർന്ന് ഇ.പി.ജയരാജൻ, എം.വി.ഗോവിന്ദൻ മാസ്റ്റർ, ജയിംസ് മാത്യു എം.എൽ.എ തുടങ്ങിയവർക്ക് അടുത്തിടെ വീണ്ടും പരാതി നൽകി. 12ന് ഏരിയ സമ്മേളനം തുടങ്ങുമ്പോഴും ഇതിനൊന്നും മറുപടി കിട്ടിയില്ലെന്നാണ് കൃഷ്ണന്റെ പരാതി. ജീവിതത്തിന്റെ വലിയ ഭാഗം പ്രസ്ഥാനത്തിന് വേണ്ടി ചെലവഴിച്ച തന്നെ ഒടുവിൽ കറിവേപ്പിലയായി എടുത്ത് കളഞ്ഞതിന്റെ കാരണമെങ്കിലും അറിയണമെന്നാണ് കൃഷ്ണൻ പറയുന്നത്. പാർട്ടിയും പാർട്ടി ഭരിക്കുന്ന ചില സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ചില അഴിമതി ആരോപണങ്ങൾ പാർട്ടിക്കകത്ത് ഉന്നയിച്ചതിന്റെ പ്രതികാരമാണ് തന്നെ ഒഴിവാക്കാൻ കാരണമെന്നാണ് കൃഷ്ണന്റെ വിശ്വാസം. ഈ കാര്യങ്ങൾ തുറന്ന് പറയാനുള്ള തയ്യാറെടുപ്പിലാണ് ഇപ്പോഴും പാർട്ടി അംഗമായ പി.കെ.കൃഷ്ണൻ.

സമ്മേളനത്തിന് നാളെ കാർത്തികപുരത്ത് തുടക്കം

സി.പി.എം ആലക്കോട് ഏരിയാ കമ്മിറ്റി; പി.വി.ബാബുരാജ് സെക്രട്ടറിയായി തുടരും

ആലക്കോട്: സി.പി.എം ആലക്കോട് ഏരിയാ സമ്മേളനം 7, 8, 9 തീയതികളിൽ കാർത്തികപുരത്ത് നടക്കും. പതാക, ദീപശിഖ, കൊടിമര ജാഥകൾ നാളെ നടക്കും. വൈകുന്നേരം ആറ് മണിക്ക് കാർത്തികപുരത്തെ ഫിഡൽ കാസ്ട്രോ നഗറിൽ സമ്മേളനത്തിന് തുടക്കം കുറിച്ചുള്ള പതാകയുയർത്തൽ നടക്കും. വെള്ളിയാഴ്ച രാവിലെ പത്ത് മണിക്ക് സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം പി.കെ.ശ്രീമതി ടീച്ചർ എം.പി പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യും. ജയിംസ് മാത്യു എം.എൽ.എ, കെ.എം.ജോസഫ്, ടി.കൃഷ്ണൻ, എം.പ്രകാശൻ മാസ്റ്റർ, എം.കരുണാകരൻ എന്നീ നേതാക്കൾ ജില്ലാ കമ്മിറ്റിയെ പ്രതിനിധീകരിച്ച് മുഴുവൻ സമയവും സമ്മേളനത്തിൽ പങ്കെടുക്കും. 11 ലോക്കൽ കമ്മിറ്റികളിൽ നിന്നുള്ള 135 പ്രതിനിധികളും 17 ഏരിയാ കമ്മിറ്റിയംഗങ്ങളും ഉൾപ്പെടെ 160 പേർ പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കും. 9ന് വൈകുന്നേരം നാല് മണിക്ക് ചുവപ്പ് വളണ്ടിയർമാർച്ച്, പ്രകടനം, പൊതുസമ്മേളനം നടക്കും. സംസ്ഥാന കമ്മിറ്റിയംഗം സൂസൻ കോടി ഉദ്ഘാടനം ചെയ്യും. ചപ്പാരപ്പടവിൽ നടന്ന കഴിഞ്ഞ ഏരിയാ സമ്മേളനം സെക്രട്ടറിയായി തിരഞ്ഞെടുത്ത പി.വി.ബാബുരാജ് ഇത്തവണയും ഏരിയാ സെക്രട്ടറിയായി തുടരും. തിമിരി ഏളയാട് സ്വദേശിയായ ബാബുരാജ് സി.പി.എമ്മിനെ മലയോര മേഖലയിൽ ശക്തിപ്പെടുത്തുന്നതിൽ ഏരിയാ സെക്രട്ടറിയെന്ന നിലയിൽ മികച്ച പ്രവർത്തനമാണ് കാഴ്ച വെച്ചത്. ഏരിയാ കമ്മിറ്റി അംഗങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിനും സാധ്യതയുണ്ട്. നിലവിൽ 17 പേരാണുള്ളത്. ഇത്തവണ ലോക്കൽ കമ്മിറ്റികളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്. തേർത്തല്ലി, തടിക്കടവ്, ചപ്പാരപ്പടവ്, കൂവേരി എന്നീ ലോക്കൽ കമ്മിറ്റികളിൽ പുതിയ സെക്രട്ടറിമാർ വരികയും ചെയ്തു. ഇവരെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടി വരും. പുതിയതായി രൂപീകരിച്ച കൊട്ടയാട് ലോക്കലിന്റെ സെക്രട്ടറിയായ കെ.പി.സാബു നിലവിൽ ഏരിയാ കമ്മിറ്റി അംഗമാണ്. ആലക്കോട്, ഉദയഗിരി, നടുവിൽ, ചപ്പാരപ്പടവ് പഞ്ചായത്തുകളിൽ എൽ.ഡി.എഫിന് ഭരണത്തിലെത്താൻ കഴിയാതെ പോയതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ സമ്മേളനത്തിൽ ഉയരുമെന്നാണ് സൂചന. നടുവിലെ രാഷ്ട്രീയ സംഘർഷങ്ങളും ചർച്ചയാകും.

പി.വി.ബാബുരാജ്

തളിപ്പറമ്പ് ദേശീയപാതയിൽ ടെമ്പോസ്റ്റാന്റിന് സമീപം ഒഴുകിയെത്തിയ കക്കൂസ് മാലിന്യം

മഴ പെയ്തപ്പോൾ ഹൈവേയിൽ കക്കൂസ് മാലിന്യം ഒഴുകിയെത്തി

തളിപ്പറമ്പ: ഇന്നലെ രാത്രി അപ്രതീക്ഷിതമായി മഴ പെയ്തപ്പോൾ ഹൈവേയിലെ ഓവുചാലിലൂടെ കക്കൂസ് മാലിന്യം നിറഞ്ഞൊഴുകി. ഹൈവേ ഖാദി സൗഭാഗ്യയുടെ മുന്നിലാണ് കക്കൂസ് മാലിന്യം ഒഴുകിയെത്തിയത്. രാവിലെ ഇവിടെയെത്തിയ ഓട്ടോറിക്ഷാ ഡ്രൈവർമാർക്കും പരിസരത്തെ കട ഉടമകൾക്കും മൂക്ക് പൊത്താതെ നിൽക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. നഗരത്തിലെ പല സ്വകാര്യ സ്ഥാപനങ്ങളിലെയും കക്കൂസ് ടാങ്കുകളിൽ നിന്നും ഓവുചാലിലേക്കാണ് മാലിന്യം ഒഴുക്കിവിടുന്നത്. ഓവുചാലിൽ കെട്ടിക്കിടന്ന മാലിന്യം മഴ പെയ്തതോടെ സ്ലാബില്ലാത്ത ഭാഗത്ത് കൂടി റോഡിലേക്കും പരിസരപ്രദേശങ്ങളിലേക്കും ഒഴുകുകയായിരുന്നു. ദേശീയപാത നാലുവരിയാക്കുന്നതിന്റെ ഭാഗമായി ഒരു ഭാഗത്ത് ശാസ്ത്രീയമായി ഓവുചാൽ നിർമ്മിച്ച് സ്ലാബ് നിരത്തിയിരുന്നു. ഇതിനിടെ ഹൈവേയിലെ കുറച്ച് ആളുകൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ വ്യാജ പരാതികൾ അയച്ചതിനെ തുടർന്ന് മറുഭാഗത്തെ ഓവുചാൽ നിർമ്മാണം തടസപ്പെട്ടിരുന്നു. ഇതാണ് മാലിന്യം വ്യാപാര സ്ഥാപനങ്ങൾക്ക് മുന്നിലേക്ക് ഒഴുകാൻ കാരണമായത്.

യു.ഡി.എഫ് അടിയന്തര യോഗം നാളെ

ശ്രീകണ്ഠപുരം: നടുവിൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ യു.ഡി.എഫ് ഇരിക്കൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ അടിയന്തര യോഗം നാളെ ഉച്ചക്ക് രണ്ട് മണിക്ക് ശ്രീകണ്ഠപുരം ഇന്ദിരാഭവനിൽ നടക്കുമെന്ന് സി.കെ. മുഹമ്മദ്, തോമസ് വക്കത്താനം എന്നിവർ അറിയിച്ചു.

വഴിയാത്രക്കാരന്റെ കഴുത്തിൽ നിന്ന് മാല പൊട്ടിച്ച യുവാവ് പിടിയിൽ

കണ്ണൂർ: വഴിയാത്രക്കാരന്റെ കഴുത്തിൽ നിന്ന് ഒരു പവന്റെ മാല മോഷ്ടിച്ച നാലംഗ സംഘത്തിലെ ഒരാൾ പിടിയിൽ. കണ്ണാടിപ്പറമ്പിലെ വി.വി വിജേഷിന്റെ മാല മോഷ്ടിച്ച കേസിൽ പുതിയതെരുവിലെ അട്ട എന്ന ഗിരീഷിനെ (40)യാണ് ടൗൺ എസ്.ഐ ഷാജി പട്ടേരി അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം രാത്രി എട്ട് മണിക്ക് പാറക്കണ്ടിയിൽ വെച്ച് മാല പൊട്ടിച്ചെടുത്തുവെന്നാണ് പരാതി.

ടി.പി.ചന്ദ്രശേഖരൻ സ്മാരക വായനശാലക്ക് നേരെ അക്രമം

വടകര: ആർ.എം.പി. നേതാവായിരുന്ന ടി.പി. ചന്ദ്രശേഖരൻ സ്മാരക വായനശാലക്ക് നേരെ അക്രമം. വള്ളിക്കാട്ട് ഊരാളങ്കലിലുള്ള വായനശാലക്ക് നേരെ അക്രമം. ഇന്നലെ രാത്രിയാണ് അക്രമം നടന്നത്. ചന്ദ്രശേഖരന്റെ ഫോട്ടോ കരിഓയിൽ ഒഴിച്ച് വികൃതമാക്കി. ഇത് അഞ്ചാംതവണയാണ് വായനശാലക്ക് നേരെ അക്രമം നടക്കുന്നത്. സി.പി.എമ്മുകാരാണ് അക്രമത്തിന് പിറകിലെന്നാണ് പരാതി.

കോൺഗ്രസ് ക്ലബ് അക്രമിച്ചതിന് 15 പേർക്കെതിരെ കേസ്

കുടിയാൻമല: ചെമ്പേരി വളയകുണ്ടിൽ കോൺഗ്രസ് നിയന്ത്രണത്തിലുള്ള ഫ്രണ്ട്സ് ക്ലബ് അക്രമിക്കുകയും ക്ലബിൽ ഇരിക്കുകയായിരുന്ന ചെമ്പേരിയിലെ ആലക്കൻ വിബിൻ (32), വളയകുണ്ടിലെ കൊച്ചുകാലായിൽ തോമസ്കുട്ടി (29) എന്നിവരെ അക്രമിക്കുകയും ചെയ്തതിന് 15 പേർക്കെതിരെ കുടിയാൻമല പോലീസ് കേസെടുത്തു. ഏരുവേശി പൂപ്പറമ്പ് സ്വദേശികളായ വിശാഖ്, ജോബിൻ, ജോയിസ്, അനൂരാജ് എന്നിവർക്കെതിരെയും കണ്ടാലറിയാവുന്നവർക്കെതിരെയുമാണ് കേസ്.

ശ്രീകണ്ഠപുരം എസ്.ഐയെ തടഞ്ഞതിന് രണ്ട് പേർക്കെതിരെ കേസ്

ശ്രീകണ്ഠപുരം: ഗവ. ഹയർസെക്കണ്ടറി സ്കൂളിന് സമീപം കൊടിമരം സ്ഥാപിക്കാനുള്ള ശ്രമം തടയാനെത്തിയ പോലീസുകാരുടെ ഔദ്യോഗിക കൃത്യനിർവഹണം തടഞ്ഞതിന് രണ്ട് എം.എസ്.എഫുകാർക്കെതിരെ കേസെടുത്തു. ഷമീർ (26), റസ്മിൽ (19) എന്നിവർക്കെതിരെയാണ് കേസെടുത്തത്. എസ്.ഐ സി.നാരായണനെയും സംഘത്തെയുമാണ് എം.എസ്.എഫുകാർ തടഞ്ഞത്.

ചെണ്ടയാട് സി.പി.എമ്മുകാരെ വെട്ടിയതിന് പത്ത് ആർ.എസ്.എസുകാർക്കെതിരെ കേസ്

പാനൂർ: ചെണ്ടയാട് കുനുമലിൽ സി.പി.എം കുത്തൂർ ലോക്കൽ കമ്മിറ്റിയംഗം കളത്തിൽ നൗഷാദ് (45), പുളാണ്ടിയിൽ നൗഫൽ (40) എന്നിവരെ വെട്ടിയതിന് പത്ത് ആർ.എസ്.എസുകാർക്കെതിരെ കേസെടുത്തു. കുനുമലിലെ തുണ്ടിയിൽ ഷാജി, കാതലൻ ഷാജി, തൈപ്പറമ്പത്ത് ശ്രീജിത്ത്, താഴെപ്പീടികയിൽ ശരത്ത്, വിനോദൻ, അമൽരാജ്, കുനിയിൽ സനൂപ്, കെ.പി. ചിത്രകേയൻ, മാവുള്ളപറമ്പത്ത് ജിഗീഷ്, പ്ലാവുള്ള പറമ്പിൽ സുബീഷ്, നിഖിൽ എന്നിവർക്കെതിരെയാണ് കേസെടുത്തത്. ഇന്നലെ രാത്രി പത്ത് മണിയോടെയാണ് നൗഷാദിനെയും നൗഫലിനെയും വെട്ടിയത്. നൗഷാദിന് ശരീരമാസകലമായി 22ഓളം വെട്ടേറ്റിട്ടുണ്ട്. ഗുരുതരമായി പരിക്കേറ്റ നൗഷാദിനെ കോഴിക്കോട് ആശുപത്രിയിലേക്ക് മാറ്റിയിരിക്കുകയാണ്.

മുറിവ് ഉണങ്ങിയിട്ടില്ല; വേദന കടിച്ചമർത്തി ഡിസംബർ ആറിന്റെ ഓർമ്മ പുതുക്കി

കണ്ണൂർ: ഇന്ത്യയുടെ മതേതര മനസിനേറ്റ മുറിവിന് ഇന്ന് 25 ആണ്ട്. ബാബ്റി മസ്ജിദ് തകർത്തിട്ട് കാൽനൂറ്റാണ്ട് പൂർത്തിയാകുമ്പോഴും അതിന്റെ മുറിവ് ഉണങ്ങിയിട്ടില്ല. എന്നാൽ മുറിവിന്റെ വേദന കടിച്ചമർത്തി രാജ്യത്തെ മതേതരശക്തികൾ സമാധാനപരമായ പ്രതിഷേധത്തിലൂടെ ദുരന്തസ്മരണ പുതുക്കി.

കേരളത്തിൽ ഒരിടത്തും അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല. ഇടതുപക്ഷ പാർട്ടികൾ ഇന്ന് കരിദിനമായി ആചരിക്കുകയാണ്. മുസ്ലിംലീഗ്, പോപ്പുലർ ഫ്രന്റ് തുടങ്ങിയ സംഘടനകളും ഇന്ന് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

രാജ്യവ്യാപകമായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം ജാഗ്രത നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയോധ്യ കനത്ത പോലീസ് വലയത്തിലാണ്. ബാബ്റി മസ്ജിദ് തകർക്കപ്പെട്ട് കാൽനൂറ്റാണ്ട് എത്തിയിട്ടും കേസ് ഇപ്പോഴും എവിടെയും എത്തിയിട്ടില്ല.

ആലക്കോട് ടൗണിൽ സ്വകാര്യ ബസ് ജീവനക്കാർ തമ്മിലുണ്ടായ സംഘർഷം പോലീസ് തടയുന്നു.

ആലക്കോട് ബസ് ജീവനക്കാർ തമ്മിൽ സംഘർഷം

ആലക്കോട്: സമയക്രമത്തെ ചൊല്ലിയുള്ള തർക്കത്തെ തുടർന്ന് സ്വകാര്യ ബസ് ജീവനക്കാർ തമ്മിൽ സംഘർഷം. ഇന്ന് രാവിലെ 9.30ഓടെ ആലക്കോട് ടൗണിലാണ് ജീവനക്കാർ തമ്മിൽ ചേരിതിരിഞ്ഞ് കയ്യാങ്കളി നടത്തിയത്. ചെറുപുഴ- കോഴിക്കോട് റൂട്ടിലെയും, പരപ്പ- തളിപ്പറമ്പ് റൂട്ടിലെയും ജീവനക്കാരാണ് ബസ് സ്റ്റോപ്പിൽ വെച്ച് ബഹളമുണ്ടാക്കിയത്. തർക്കം മൂത്ത് ഇരുകൂട്ടരും തമ്മിൽ ഉന്തും തള്ളുമായതോടെ നാട്ടുകാർ ഇടപെട്ടു. സംഭവമറിഞ്ഞ് എസ്.ഐമാരായ കെ.ജെ. ബിനോയി, ജോൺസൺ എന്നിവരുടെ നേതൃത്വത്തിൽ പോലീസ് എത്തിയാണ് ബഹളം നിയന്ത്രിച്ചത്. സ്വകാര്യ ബസുകളുടെ മൽസര ഓട്ടത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് പോലീസ് അറിയിച്ചു.

തെരച്ചിൽ ഏഴാംദിനത്തിലേക്ക്; 11 പേരെ കൂടി രക്ഷപ്പെടുത്തി

തിരുവനന്തപുരം: ഓഖി ചുഴലിക്കൊടുങ്കാറ്റിൽ കടലിലകപ്പെട്ട മത്സ്യത്തൊഴിലാളികളെ കണ്ടെത്താനുള്ള തെരച്ചിൽ ഏഴാംദിനത്തിലേക്ക് കടന്നു. 11 പേരെ ഇന്നലെ രാത്രിയും ഇന്ന് പുലർച്ചെയുമായി നടത്തിയ തെരച്ചിലിൽ കണ്ടെത്തി. ലക്ഷദ്വീപ് ഭാഗത്ത് നിന്നാണ് കണ്ടെത്തിയത്.

അതിനിടെ രക്ഷാപ്രവർത്തനത്തിന് നേവിയുടെ കൂടുതൽ കപ്പലുകളെത്തി. വിഴിഞ്ഞത്ത് നിന്ന് രണ്ട് കപ്പലുകൾ ഇന്ന് രാവിലെ പുറപ്പെട്ടു. മത്സ്യത്തൊഴിലാളികളെ കൂടി കയറ്റിയാണ് രക്ഷാപ്രവർത്തനത്തിന് തിരിച്ചത്.

കൊച്ചിയിൽ നിന്ന് ഒരു കപ്പലും പുറപ്പെട്ടു. എന്നാൽ 100 നോട്ടിക് മൈൽ തെരച്ചിൽ നടത്തി ഇന്നു തന്നെ കപ്പൽ മടങ്ങുമെന്നത് മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധത്തിന് ഇടയാക്കി. നാലഞ്ച് ദിവസം കടലിൽ തങ്ങി തെരച്ചിൽ നടത്തണമെന്നാണ് മത്സ്യത്തൊഴിലാളികളുടെ ആവശ്യം. എന്നാൽ ഇന്ന് എത്തിയ കൽപ്പേനി എന്ന കപ്പൽ ചെറുതാണെന്നും അടുത്ത ദിവസം കൂടുതൽ ദിവസം കടലിൽ തങ്ങാൻ കഴിയുന്ന കപ്പൽ എത്തിക്കാമെന്നും നാവിക ഉദ്യോഗസ്ഥർ ഉറപ്പ് നൽകി.

വൈസ് ചാൻസിലറെ കെ.എസ്.യുക്കാർ ഉപരോധിച്ചു

കണ്ണൂർ: കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. ഗോപിനാഥ് രവീന്ദ്രനെ കെ.എസ്.യു പ്രവർത്തകർ അദേഹത്തിന്റെ ചേമ്പറിൽ ഉപരോധിച്ചു. ഡിഗ്രി വിദ്യാർത്ഥികളുടെ പരീക്ഷാ ഉത്തര കടലാസുകൾ വഴിയിൽ നിന്ന് കളഞ്ഞുകിട്ടിയതിൽ പ്രതിഷേധിച്ചാണ് ഉപരോധിച്ചത്. കെ.എസ്.യു ജില്ലാ പ്രസിഡണ്ട് മുഹമ്മദ് ഷമ്മാസ്, കെ.വി. ഷിജിൻ, എം.എൻ. വരുൺ, വി.പി. അതുൽ, വി.വി. അബ്ദുൾ റഷീദ് തുടങ്ങിയവർ നേതൃത്വം നൽകി. പോലീസ് സംഭവസ്ഥലത്തെത്തി.

പാമ്പ് കടിയേറ്റു

പറശിനിക്കടവ്: നണിച്ചേരിയിലെ അമൃത (25)നെ പാമ്പ് കടിയേറ്റ നിലയിൽ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് രാവിലെ ആറ് മണിയോടെ പ്രഭാത സവാരിക്കിടെയാണ് പാമ്പ് കടിയേറ്റത്.

വീട്ടമ്മയെ കാൺമാനില്ല

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം കോട്ടൂരിലെ സി.കെ. ശ്യാമള (65)യെ കാൺമാനില്ല. ചെറിയ ഓർമ്മക്കുറവുള്ള ശ്യാമള ഇന്നലെ വൈകുന്നേരം മകൻ മഹേഷിനൊപ്പം പരിയാരം മെഡിക്കൽ കോളേജാശുപത്രിയിൽ പരിശോധനക്കെത്തിയതായിരുന്നു. പരിശോധന കഴിഞ്ഞ് പുറത്തേക്കിറങ്ങിയപ്പോഴാണ് ശ്യാമളയെ കാണാതായത്. പച്ച ഓഫ് ലൈറ്റ് സാരിയും പച്ച നിറത്തിലുള്ള ബ്ലൗസുമാണ് വേഷം. ശാജ് സ്കാനിംഗ് സെന്ററിന്റെ ഒരു കവറും കയ്യിൽ ഉണ്ടായിരുന്നു. ഇന്നലെ രാത്രി മുഴുവൻ സി.ഐ പി.കെ. സുധാകരന്റെ നേതൃത്വത്തിൽ പരിയാരം, പിലാത്തറ തുടങ്ങിയ സ്ഥലങ്ങളിൽ തിരച്ചിൽ നടത്തിയിരുന്നു. കണ്ടുകിട്ടുന്നവർ പോലീസ് സ്റ്റേഷനിലോ താഴെ കാണുന്ന നമ്പറിലോ അറിയിക്കാൻ താൽപ്പര്യം. ഫോൺ: 9072144373, 9447547802.

രണ്ട് ലോറി മണൽ പിടികൂടി

മയ്യിൽ: അനധികൃതമായി കടത്തുകയായിരുന്ന രണ്ട് ലോറി മണൽ മയ്യിൽ എസ്.ഐ ബാബുമോനും സംഘവും പിടികൂടി. മംഗലാപുരത്ത് നിന്നും അഴീക്കോട് നിന്നും മയ്യിലിൽ വിൽപ്പനക്ക് കൊണ്ടുവരികയായിരുന്നു കരമണൽ. ലോറിയിലുണ്ടായിരുന്ന കരിക്കത്തൂരിലെ ഉള്ളാട്ട് ചാലിൽ ബാലൻ (31), ഏച്ചൂരിലെ മാവിലചാലിൽ വാഴയിൽ രാജേഷ് (36) എന്നിവരെ കസ്റ്റഡിയിലെടുത്തു. ഇവരിൽ നിന്ന് പിഴ ഈടാക്കിയ ശേഷം മണൽലോറി വിട്ടുകൊടുത്തു.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2710
പവന് : 21680
പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

നടുവിലിൽ കെ.സുധാകരൻ ഉൾപ്പെടെ സന്ദർശിക്കും

നടുവിൽ: അക്രമം നടന്ന നടുവിലിൽ ഇന്ന് വൈകീട്ട് അഞ്ച് മണിക്ക് കോൺഗ്രസ് നേതാവ് കെ.സുരേന്ദ്രൻ, കെ.സുധാകരൻ ഉൾപ്പെടെയുള്ള യു.ഡി.എഫ് നേതാക്കൾ സന്ദർശിക്കും.

ചരമം

കമല വേണി

കണ്ണൂർ: കരിമ്പ് ഗവേഷണ കേന്ദ്രം റിട്ട. ഫീൽഡ് സൂപ്പർവൈസർ തുളിച്ചേരി കമല നിവാസിൽ കമല വേണി (72) ഉദുമൽപേട്ടയിലെ വസതിയിൽ നിര്യാതയായി. ഭർത്താവ്: രാമസ്വാമി (കക്കാട് സ്പിന്നിംഗ് മിൽ റിട്ട. ജീവനക്കാരൻ). മകൻ: അനുരൂപ്. മരുമകൾ: രജിത.

ഫാത്തിമ

തളിപ്പറമ്പ: കുപ്പം മരത്തക്കാട്ടെ പാലക്കോടൻ ഫാത്തിമ (90) നിര്യാതയായി. ഭർത്താവ്: പരേതനായ മുഹമ്മദ്. മക്കൾ: ഹമീദ് (തളിപ്പറമ്പ മെയിൻ റോഡ് ചുമട്ട് തൊഴിലാളി), സൈനബ, കദീജ.

25 ലിറ്റർ വാഷ് സഹിതം അറസ്റ്റിൽ

ആലക്കോട്: വ്യാജ ചാരായ നിർമ്മാണത്തിനായി കടത്തുകയായിരുന്ന 25 ലിറ്റർ വാഷ് സഹിതം പോത്തുകുണ്ട് സ്വദേശി പ്രാൺ നാരായണ(58)നെ ആലക്കോട് എക്സൈസ് ഇൻസ്പെക്ടർ ഹേമന്ത് കുമാറും സംഘവും അറസ്റ്റ് ചെയ്തു. ആലക്കോട് ടൗണിൽ പരസ്യ മദ്യപാനം നടത്തുകയായിരുന്ന രണ്ടുപേരെയും അറസ്റ്റ് ചെയ്തു. അസി. ഇൻസ്പെക്ടർമാരായ റെന്നി ഫെർണാണ്ടസ്, എം. എം. രാജു, സിവിൽ ഓഫീസർമാരായ ടി.ആർ.രാജേഷ്, വി.വി.ബിജു, പി.കെ.രാജീവ്, പ്രദീപ്കുമാർ, ശ്രീകുമാർ എന്നിവരും എക്സൈസ് സംഘത്തിലുണ്ടായിരുന്നു.

ഓട്ടോമറിഞ്ഞ് പരിക്ക്

ആലക്കോട്: ഓട്ടോറിക്ഷ നിയന്ത്രണം വിട്ട് മറിഞ്ഞ് ഡ്രൈവർക്ക് സാരമായി പരിക്കേറ്റു. അരങ്ങം പഞ്ചായത്ത് കവലയിലെ ഓട്ടോ ഡ്രൈവർ പരമേശ്വര (48)നാണ് പരിക്കേറ്റത്. ഇദേഹത്തെ കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കഴിഞ്ഞ ദിവസം രാത്രി അരങ്ങം റോഡിൽ കുരുടിക്കൊല്ലിക്ക് സമീപമാണ് അപകടം.

കാറ്റിൽ വാഴത്തോട്ടം നശിച്ചു

ആലക്കോട്: കഴിഞ്ഞ ദിവസമുണ്ടായ കനത്ത കാറ്റിൽ തിമിരിത്തട്ടിലെ എ.ടി. സന്തോഷിന്റെ കുലച്ച 20 വാഴകൾ ഉൾപ്പെടെ 50 ഓളം നേന്ത്രവാഴകൾ നശിച്ചു.

മദ്യവുമായി പിടിയിൽ

തളിപ്പറമ്പ: തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം ശ്രീകണ്ഠപുരം തിരുമേനിയിൽ നിന്ന് അനധികൃതമായി വിദേശമദ്യവിൽപ്പന നടത്തുകയായിരുന്ന മധ്യവയസ്കനെ പിടികൂടി. തിരുമേനി പാലച്ചുവട്ടിൽ ഹൗസിലെ പി.ജെ.ജോസഫ് (57)നെയാണ് പിടികൂടിയത്. പ്രിവന്റീവ് ഓഫീസർ കെ.പി.മധുസൂദനൻ, സി.ഇ.ഒമാരായ എം.ഗോവിന്ദൻ, കെ.കെ.കൃഷ്ണൻ, ഡ്രൈവർ പുരുഷോത്തമൻ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

പണവും രേഖകളും അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു

കണ്ണൂർ: കണ്ണൂർ പയ്യാമ്പലം ബീച്ചിൽ വെച്ച് 18,000 രൂപയും ലൈസൻസ് അടക്കമുള്ള രേഖകളും അടങ്ങിയ ചാണോക്കുണ്ട് ഓലിക്കുഴിയിൽ അഭിലാഷ് എന്നയാളുടെ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 7025807003 എന്ന നമ്പറിൽ ബന്ധപ്പെടണം.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 44 RNI Reg.No.KER MAL/2007/22043